## മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## ചിറയിൻകീഴ്ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ18 ആനത്തലവട്ടം

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 25/11/2019**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

ചിറയിൻകീഴ് പഞ്ചായത്ത്

വാർഡ് 18 ആനത്തലവട്ടം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@g

# ചിറയിൻകീഴ് ബ്ലോക്ക്

## ചിറയിൻകീഴ് പഞ്ചായത്ത്

## വാർഡ് 18

## ആനത്തലവട്ടം

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ദാരിദ്ര ലഘൂകരണ ത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പുപദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിൽ 200 ജില്ലകളിൽ കൂടി പദ്ധതി ആരംഭിച്ചു. 2006 കേരളത്തിൽ വയനാട് പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. രണ്ടായിരത്തി എട്ടിൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും പൂർത്തിയായ ഏതൊരു വ്യക്തിക്കും അപേക്ഷിക്കാം. സ്ത്രീ പുരുഷ ഭേദമില്ലാതെ വേതനം നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം കാർഷികമേഖല ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. സെക്ഷൻ 17 പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന ഫീൽഡ് പരിശോധന തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഗ്രാമസഭയിൽ തൊഴിലാളികൾ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

# ***ഫയൽ പരിശോധനാ റിപ്പോർട്ട്***

## പ്രവർത്തിയുടെ പേര് :മണ്ണ്-ജലസംരക്ഷണം

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/272724 | 27/09/2018 | 06/01/209 | 500000 | 495420 |
| DP/265226 | 27/09/2018 | 27/01/2019 | 500000 | 473872 |

ആനത്തലവട്ടം വാർഡിൽ 158 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 57 ആക്ടീവ് തൊഴിൽ കാർഡ് കുടുംബങ്ങൾ ആണ് ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

🔴കവർ പേജ്

✔ AMCപ്രകാരമുള്ള കവർപേജ് ആയിരുന്നു.

❌ Geo tagging asset, Asset ID, GPS location എന്നിവ ഇല്ലായിരുന്നു.

❌മേറ്റിന്റെ പേരിലായിരുന്നു.

🔴ചെക്ക് ലിസ്റ്റ്

❌ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നുവെങ്കിലും പേജ് നമ്പർ ഇല്ലായിരുന്നു.

🔴 ആക്ഷൻ പ്ലാൻ കോപ്പി ✔ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.

✔ ആക്ഷൻ പ്ലാനിലെ കവർ പേജിലെ യും പേര് ഒന്നായിരുന്നു.

🔴 എസ്റ്റിമേറ്റ്

✔ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

❌ജനകീയ ഭാഷയിൽ അല്ലായിരുന്നു

✔ സെക്യൂരിറ്റി നിന്നും ലഭിച്ച കോപ്പി ആയിരുന്നു ❌AE യുടെ പേരും ഒപ്പും ഉണ്ടെങ്കിലും തീയതി ഇല്ലായിരുന്നു.

🔴ഭരണാനുമതി

❌ഭരണാനുമതി ഉണ്ടായിരുന്നുവെങ്കിലും സെക്രട്ടറിയുടെ ഒപ്പിനൊപ്പം തീയതി രേഖപെടുത്തിയിട്ടില്ല.

🔴 സാങ്കേതികാനുമതി

❌ സാങ്കേതിക അനുമതി ഉണ്ടായിരുന്നുവെങ്കിലും ഓവർസിയറുടെ ഒപ്പിനൊപ്പം തീയതി ഇല്ലായിരുന്നു.

🔴Drawing and designing

✔ Drawing and designing ഉണ്ട്

🔴ഡിമാൻഡ് ഫോം

✔ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു, DP/272724-ൽ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിരുന്നു.

❌DP/265226-ൽ ഏതു തീയതി മുതൽ ഏതു തീയതി വരെ എന്ന് രേഖപ്പെടുത്തിയിട്ടില്ല.

🔴 മൂല്യനിർണയ സാക്ഷ്യപത്രം

❌ മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നുവെങ്കിലും DP/265226-ൽ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല, എം ബുക്ക് നമ്പർ എന്ന കോളം പൂർത്തീകരിച്ചിട്ടില്ല.

🔴FTO

✔ FTO ഉണ്ടായിരുന്നു.

🔴 ഫയൽ ടാക്കിംഗ് ഫോം ✔ ഫയൽ ടാകിംഗ് ഫോം ഉണ്ടായിരുന്നു.

🔴 ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി

Ê ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി ഉണ്ടായിരുന്നു.

🔴മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

Ê മസ്റ്റർ റോൾ മൂവി മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു

🔴ജിയോ ടാഗ് ഫോട്ടോഗ്രാഫി

❌ജിയോ ടാഗ് ഫോട്ടോഗ്രാഫി ഇല്ലായിരുന്നു .

🔴M. Book

Ê DP/265226-ൽ 25 മഴക്കുഴിയും 10 കമ്പോസ്റ്റ് കുഴികളും രേഖപ്പെടുത്തിയിരിക്കുന്നു

❌ എം ബുക്ക് തുകയും മാസ്റ്ററോട് തുകയും തമ്മിൽ 20 രൂപയുടെ വ്യത്യാസം വന്നു.

Ê DP/272724-ൽ 25 മഴക്കുഴികൾ 10 കമ്പോസ്റ്റ് കുഴികളും രേഖപ്പെടുത്തിയിരിക്കുന്നു

❌ എം ബുക്ക് തുകയും മാസ്റ്റർ തുകയും തമ്മിൽ 26 രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നു.

🔴 വർക്ക് അലോട്ട്മെന്റ് ഫോം

Ê വർക്ക് അലോട്ട്മെന്റ് ഫോം ഉണ്ടായിരുന്നു.

🔴മസ്റ്റർ റോൾ

Ê 2 ഫയലുകളിൽ ആയി 108 മസ്റ്റർ റ്റോളുകൾ.

DP/272724-ൽ

❌മസ്റ്റർ റോൾ നമ്പർ 12826-ൽ വേജ് പെർ ഡേ കോളം വെട്ടിയിരിക്കുന്നു.2770 വെട്ടി 2710 ആക്കിയിരിക്കുന്നു.

❌ മസ്റ്റർ റോൾ നമ്പർ. 19136-ൽ ബുക്ക് നമ്പർ 18/4 അനിതയുടെ വേജ് പെർ ഡേ ടോട്ടൽ കോളം വെട്ടിതിരുത്തലുകൾ ഉണ്ടായിരുന്നു.

❌മസ്റ്റർ റോൾ നമ്പർ 20547-ൽ സിഡ്ഡു ഒപ്പിട്ട് അതിനു മുകളിൽ absent

രേഖപെടുത്തിയിരിക്കുന്നു

DP/265226

❌മസ്റ്റർ റോൾ നമ്പർ 12727-ൽ വേജ് പെർ ടോട്ടൽ എഴുതിയിട്ടില്ല.

❌മസ്റ്റർ റോൾ നമ്പർ 12728 നാലാം ദിവസം ഹാജർ ഒപ്പിട്ട ശേഷം മുഴുവനായി വെട്ടിയിരിക്കുന്നു.

🔴സൈറ്റ് ഡയറി

❌ പെൺ ഫയലുകളിലും സൈറ്റുകളിൽ പ്രവൃത്തി പൂർത്തീകരിച്ച് തീയതി വിട്ടിരിക്കുന്നു.

❌ വിജിലൻസ് ആൻഡ് മോണിറ്റർ വിവരങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

🔴വേജ് ലിസ്റ്റ്

✅ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

## ***ഫീൽഡ് പരിശോധന റിപ്പോർട്ട്***

DP/265226-ൽ 34 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആണ്34 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് പരിശോധനയ്ക്ക് വിധേയമാക്കിയത്.M.ബുക്ക് പ്രകാരം 25മഴക്കുഴികളും 10 കമ്പോസ്റ്റ് കുഴികളുമാണ് രേഖപ്പെടുത്തിയിരുന്നത്.

ഫീൽഡ് പരിശോധനയിലൂടെ 35 മഴക്കുഴികൾ കാണാൻ കഴിഞ്ഞു. അതിൽ ഒരെണ്ണം മാത്രമാണ് കമ്പോസ്റ്റ് കുഴി ഇപ്പോഴും നിലനിൽക്കുന്നത്. 4 മഴക്കുഴികൾ ആണ് ഉപയോഗപ്രദമായ രീതിയിൽ ഇപ്പോഴും നിലനിൽക്കുന്നത്. മഴ കുഴികളിൽ രണ്ടെണ്ണം നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നു. ബാക്കിയുള്ളവ മണ്ണ് കൊണ്ട് മൂടിയ നിലയിൽ വാഴ, തെങ്ങ് എന്നിവ രീതിയിലും നിലനിൽക്കുന്നു.പല പുരയിടങ്ങളും പാട്ടകൃഷി ആരംഭിക്കുന്നതായി കാണാൻ സാധിച്ചു. എല്ലാ പുരയിടങ്ങളും താര ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഒരു പുരയിടങ്ങളിലും തന്നെ ClaBഇല്ലായിരുന്നു.

അതിനെക്കുറിച്ച് കൺവീനർമാരുടെ ചോദിച്ചപ്പോൾ ആദ്യകാലങ്ങളിൽ ഒരു ബാനർ ഉണ്ടായിരുന്നുവെന്ന് അവർ മറുപടി പറഞ്ഞു. പഞ്ചായത്തിൽ നിന്നാണോ തൊഴിലാളികളിൽ നിന്നാണോ ബാനറിനുള്ള തുക പിരിച്ചത് എന്ന് ചോദിച്ചപ്പോൾ കൃത്യമായ ധാരണ അവർക്കില്ലായിരുന്നു.ഒരു തൊഴിലാളിയുടെ കൈവശം ആണെന്ന് മറുപടി മാത്രമാണ് കിട്ടിയത്.

*🔵DP/272724

22 സ്വകാര്യവ്യക്തികളുടെ 275 സെന്റ് പുരയിടത്തിലാണ് ഫയൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ പരിശോധന നടത്തിയത്.M.ബുക്ക് പ്രകാരം 25 മഴക്കുഴികളും 10 കമ്പോസ്റ്റ് കുഴികളും ആണ് ഉണ്ടായിരുന്നത്. ഇപ്രകാരമുള്ള പ്രവർത്തികളെല്ലാം തന്നെ ഫീൽഡിൽ കാണാൻ കഴിഞ്ഞു. 25 മഴക്കുഴികൾ കാണാൻ കഴിഞ്ഞെങ്കിലും അവയിൽ പത്തെണ്ണം മാത്രമാണ് ഇന്ന് ഉപയോഗപ്രദമായ രീതിയിൽ നിലനിൽക്കുന്നത്. മഴക്കുഴികൾ തെങ്ങ് വെച്ചിരിക്കുന്നതായും അഞ്ച് എണ്ണത്തിൽ വാഴ നടക്കുന്നതായും മൂന്നെണ്ണം വെള്ളം വീണു നിലയിലുമാണ് കാണാൻ കഴിയുന്നത്. പത്ത് കമ്പോസ്റ്റ് കുഴികളിൽ നാലെണ്ണം മാത്രമേ ഉപയോഗപ്രദമായ രീതിയിൽ ഉള്ളൂ. ബാക്കിയുള്ളവയിൽ തെങ്ങ് വാഴ കണ്ടു. കണ്ട പുരയിടങ്ങളിൽ എല്ലാംതന്നെ താര പിടിച്ചു എന്ന് കൺവീനർമാർ പറഞ്ഞു എന്നാൽ അവയുടെ അവശേഷിപ്പുകൾ മാത്രമേ ഫീൽഡിൽ കാണാൻ കഴിഞ്ഞുള്ളൂ. മണ്ണ് ജലസംരക്ഷണം അതോടൊപ്പം തന്നെ മരച്ചീനി, വാഴ, ചേന, ചേമ്പ് എന്നിവ വെച്ചു കൊടുത്തതായും പുരയിടം വെട്ടി വൃത്തിയാക്കി എന്നും തൊഴിലാളികൾ പറഞ്ഞു

## ***ഡോർ ടു ഡോർ***

2 ഫയൽ പ്രകാരമുള്ള 60 തൊഴിലാളികളിൽ 44 തൊഴിലാളികളെ കാണുകയും അവരുടെ തൊഴിൽകാർഡ് പരിശോധിക്കുകയും ചെയ്തു. 42 ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുണ്ടെങ്കിലും തൊഴിൽ ലഭിച്ച സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. ഫോട്ടോയിൽ സീൽ ചെയ്തിട്ടില്ല.ഹാജർ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇവ പൂർത്തീകരിക്കേണ്ട രീതി കൺവീനർ അവർക്ക് അറിയില്ലായിരുന്നു. 10 അവകാശങ്ങളെക്കുറിച്ച് പറഞ്ഞു കൊടുത്തതിൽ നിന്നും അവകാശങ്ങളെക്കുറിച്ച് അവർക്ക് കൃത്യമായ ധാരണ ഇല്ലായിരുന്നു എന്ന് മനസ്സിലായി ശമ്പളവർധന സമയം

ചുരുക്കൽ എന്നിവയായിരുന്നു പ്രധാന പരാതികൾ തൊഴിലാളികൾക്ക് കാലം കൈയുറ പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ ലഭിക്കുന്നില്ല എന്ന പരാതി പറഞ്ഞു ഈ വർഷം ജോലി ആണെന്ന് തിരിച്ചു കൊടുക്കുന്നതിനാൽ തന്നെ തൊഴിലാളികൾക്ക് കാഠിന്യം ആണെന്ന് തൊഴിലാളികൾ പരാതി പറഞ്ഞു മുൻപ് ജോലി ചെയ്തവരിൽ പലരും ഇപ്പോഴും ഇപ്പോഴത്തെ ജോലിക്ക് വരുന്നില്ല എന്നും പറയുകയുണ്ടായി തൊഴിലാളികൾ നിർമ്മാണം ചെയ്തിരുന്നു എന്നാൽ റോഡുകൾ ലഭിച്ചിരുന്നില്ല എന്ന് പറയുകയുണ്ടായി കഴിഞ്ഞ വർഷങ്ങളിൽ 100 ദിവസം ജോലി ചെയ്യുന്നവർക്ക് ആയിരം രൂപ ബോണസായി ലഭിച്ച എല്ലാ തൊഴിലാളികൾക്കും ലഭിച്ചില്ല എന്നും പരാതി പറഞ്ഞു. കാർഡ് നമ്പർ 17 സൗദ എന്ന തൊഴിലാളിക്ക് സൈറ്റിൽ വെച്ച് കാലിൽ തേങ്ങ വീണ് അപകടം ഉണ്ടായി എന്നും പഞ്ചായത്ത് വിവരം അറിയിക്കുകയും തുടർന്ന് താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയും അവിടെ നിന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോവുകയുംചെയ്തു.

അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം ഒന്നും ലഭിച്ചിരുന്നില്ല എന്ന് പരാതി പറയുകയും തൊഴിലാളികളാണ് പണം നൽകിയതെന്നും അറിയിച്ചു.

# ഗ്രാമസഭ റിപ്പോർട്ട്

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭായോഗം

## ബ്ലോക്ക് :ചിറയിൻകീഴ്

## പഞ്ചായത്ത് :ചിറയിൻകീഴ്

## വാർഡ് :18

**അജണ്ട**

1 ഈശ്വര പ്രാർത്ഥന തീയതി :25/11/19

2 അധ്യക്ഷയെ തെരഞ്ഞെടുപ്പ് സമയം :10.AM

3 സ്വാഗതം

4 റിപ്പോർട്ട് അവതരണം

5 ചർച്ച

6 തീരുമാനം

7 കൃതജ്ഞത

8 ദേശീയ ഗാനം

പതിനെട്ടാം വാർഡ് ആനത്തലവട്ടം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 25 /11/ 2019 ന് 10 മണിക്ക് ആരംഭിച്ചു. കഴിഞ്ഞവർഷം 100 പണിപൂർത്തിയാക്കിയ തൊഴിലാളികളിൽ നിന്നും ഇപ്പോൾ കൺവീനർ അല്ലാത്ത സുനിത എന്ന തൊഴിലാളിയെ അധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തുടർന്ന് എല്ലാവരും ചേർന്ന് ഈശ്വരപ്രാർത്ഥന ആലപിക്കുകയും ചെയ്തു. സ്വാഗതം ആശംസിക്കാൻ ആയി വാർഡ് മെമ്പർ കനകദാസിനെ ക്ഷണിക്കുകയും, അധ്യക്ഷ എ ഇ ഓവർസിയർ സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ തൊഴിലാളികൾ

എന്നിവർക്ക് സ്വാഗതം ആശംസിക്കുകയും സോഷ്യൽ ഓഡിറ്റ് കുറിച്ച് രണ്ടു വാക്ക് സംസാരിക്കുകയും ചെയ്തു. പ്രതിജ്ഞ പറയുന്നതിനായി വി ആർ പി സുവർണ്ണ യെ അധ്യക്ഷ ക്ഷണിക്കുകയും സുവർണ്ണ പ്രതിജ്ഞ ചൊല്ലുകയും മറ്റുള്ളവർ അത് ഏറ്റു ചൊല്ലുകയും ചെയ്തു. തൊഴിലാളികളുടെ 10 അവകാശങ്ങൾ വി ആർ പി രഹ്ന വായിക്കുകയും വി ആർ പി സജി ഹ അവ വിശദീകരിക്കുകയും ചെയ്തു. റിപ്പോർട്ട് അവതരണത്തിനായി അധ്യക്ഷ വി ആർ പി സജിഹയെ ക്ഷണിക്കുകയും, ഫയൽ പരിശോധനയിലൂടെയും ഫീൽഡ് പരിശോധനയിലൂടെയും അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ചർച്ചയ്ക്കായി തൊഴിലാളികളെ ക്ഷണിച്ചു.

**ചർച്ച**

തൊഴിലാളികളിൽ നിന്നും ഒരാളായ ഗീത ശമ്പളവർദ്ധനവ് നെ കുറിച്ച് സംസാരിക്കുകയും, ഒരു രൂപയോ രണ്ടു രൂപയോ കൂട്ടുന്നതിനു പകരം ശമ്പളം 500 രൂപ ആക്കണമെന്നും അഭിപ്രായപ്പെട്ടു. തൊഴിലാളികളെല്ലാം അവ ഏറ്റു അവ ഏറ്റുപറഞ്ഞു. അമ്പിളി എന്ന തൊഴിലാളി ബോണസായി ലഭിക്കുന്ന തുക 1000 രൂപ എന്നതിൽനിന്ന് ഊട്ടിഅമ്പിളി എന്ന തൊഴിലാളി ബോണസായി ലഭിക്കുന്ന തുക 1000 രൂപ എന്നതിൽനിന്ന് കൂട്ടി നൽകണമെന്നും അഭിപ്രായപ്പെട്ടു. അശ്വതി എന്ന തൊഴിലാളിയുടെ തൊഴിൽ കാർഡ് പ്രത്യേകം മാറ്റി നൽകാനായി വെട്ടിമാറ്റി, അതിനുശേഷം ഇതുവരെയും തൊഴിൽകാർഡ് ലഭിച്ചില്ല എന്ന് പരാതി പറഞ്ഞു. ആ തൊഴിൽകാർഡ് നൽകുന്നതിനായി കുറച്ച് നിയമതടസ്സങ്ങൾ ഉണ്ട് എന്നും അടുത്ത വർഷമേ നൽകാനാകൂ മവെന്നും ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു. അംബിക എന്ന തൊഴിലാളി തൊഴിൽ സ്ഥലത്ത് കൈയുറ കാലുറ ടാർപ്പ കുടിവെള്ളം എന്നിവ അത്യാവശ്യമാണെന്നും പ്രാഥമിക ശുശ്രൂഷ കിറ്റ് എത്രയും വേഗം ലഭിക്കണമെന്നും ആവശ്യപ്പെട്ടു. പണി തുടങ്ങി ആദ്യ സമയങ്ങളിൽ ഇവയെല്ലാം ഉണ്ടായിരുന്നു എന്നും തൊഴിലാളികളിൽ നിന്നും ആണ് ഇവ നഷ്ടമായതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ആദ്യ സമയങ്ങളിൽ പണി ചെയ്ത തൊഴിലാളികൾ ഉദ്യോഗസ്ഥരുടെ അഭിപ്രായം സമ്മതിച്ചു. തൊഴിലാളികളിൽ നിന്നും ഒരാളായ ഷീന 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കണം എന്ന് അഭിപ്രായപ്പെട്ടു. മസ്റ്റർ റോളുകളിൽ വെട്ടി തിരുത്തലുകൾക്ക് കൂടുതലും കാരണം തൊഴിലാളികൾ ഉച്ചയ്ക്കുശേഷം വരാത്തത് ആണെന്നും കൺവീനർമാർ പറഞ്ഞു. റിപ്പോർട്ട് പ്രകാരം സിഐയ്ക്ക് പകരം വയ്ക്കുന്ന ബാനർ തൊഴിൽ നടക്കുന്ന സ്ഥലം തിരിച്ചറിയാൻ വയ്ക്കുന്നതാണ് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. എന്നാൽ അവയ്ക്ക് ആവശ്യമായ പണം തൊഴിലാളികളിൽ നിന്നും ആണ്

പിരിച്ചത് എന്നും ആ പണം അവർക്ക് തിരികെ ലഭിച്ചില്ല എന്നും തൊഴിലാളികൾ പറഞ്ഞു. കഴിഞ്ഞവർഷം പണി ചെയ്യുന്നതിനിടയിൽ സൗദ എന്ന തൊഴിലാളിയുടെ കാലിൽ തേങ്ങ വീഴുകയും പൊട്ടൽ ഉണ്ടാക്കുകയും ചെയ്തു, അതിന് ചികിത്സാ സഹായമായി ഒരു രൂപയും ലഭിച്ചില്ല എന്ന് തൊഴിലാളികൾ പരാതി പറഞ്ഞു. ഇതിനു മറുപടിയായി തൊഴിൽരഹിത കൊണ്ടിരുന്നപ്പോൾ അല്ല വിശ്രമിക്കുന്ന സമയത്താണ് തേങ്ങ വീണത് എന്നും അതിനാൽ കൃത്യമായ റിപ്പോർട്ട് ചെയ്യാൻ കഴിയില്ല എന്നും ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. അപകടവുമായി ബന്ധപ്പെട്ട് വിവരങ്ങൾ സൈഡ് ഡയറിയിൽ രേഖപ്പെടുത്തിയില്ല, ആശുപത്രിയിൽ കൊണ്ടു പോയ വിവരങ്ങൾ കൃത്യമായി പഞ്ചായത്തിൽ അറിയിച്ചില്ല എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. അപകടം നടന്ന ആശുപത്രിയിൽ അഡ്മിറ്റ് ആയാൽ മാത്രമേ മസ്റ്റർ റോൾ പ്രകാരമുള്ള പകുതി വേതനം ലഭിക്കുകയുള്ളൂ എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പോലെ സോക്ക്പിറ്റ് നിർമാണത്തിനായി മഴക്കുഴികൾ മൂടിയതല്ല, ഭാഗികമായി നശിച്ച മഴക്കുഴികൾ വീണ്ടും കുഴി എടുക്കുകയും അവിടെ സോക്ക് പിറ്റ് നിർമ്മിക്കുകയും ചെയ്തതാണ് എന്ന് തൊഴിലാളികൾ പറഞ്ഞു. സോക്ക് പിറ്റ് നിർമ്മാണത്തിനായി ഒരു ദിവസത്തെ മസ്റ്റർ റോൾ മാത്രമേ ലഭിച്ചുള്ളു എന്ന് അശ്വതി എന്ന തൊഴിലാളി പറഞ്ഞു. തുടർന്ന് സഭകൾ അവസാനത്തെയും അധ്യക്ഷയുടെ സമ്മതപ്രകാരം റിപ്പോർട്ട് അംഗീകരിച്ച കൈയ്യടിച്ചു പാസാക്കി .ഓവർസിയർ കൃതജ്ഞത പറയുകയും, എല്ലാവരും ചേർന്ന് ദേശീയ ഗാനം ആലപിച്ച ഗ്രാമസഭ പിരിച്ചുവിട്ടു.

*തയ്യാറാക്കിയത്*

*സജിഹാ.എസ്*

*സുവർണ്ണ. എസ്*